**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 257** **13-07-2022 - ൽ മറുപടിയ്ക്ക്**

**അക്കാദമിക മികവിനായി മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതിന് പുറമെ അക്കാദമിക മികവിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | **തയ്യാറാക്കിയിട്ടുണ്ട്.** |
| (ബി) | തുല്യതയും ഗുണമേന്മയും ഉറപ്പാക്കി ഓരോ കുട്ടിയുടെയും കഴിവിനെ പരമാവധി പോഷിപ്പിക്കുകയെന്ന പൊതു ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണോ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്; | (ബി) | **പൊതുവിദ്യാലയങ്ങളിലെത്തുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യത, ഗുണമേന്മ, അവസരസമത്വം, സാമൂഹികനീതി ഇവ ഉറപ്പാക്കികൊണ്ട് അതത് തലങ്ങളിൽ പാഠ്യ പദ്ധതി വിഭാവനം ചെയ്ത പഠന ലക്ഷ്യങ്ങൾ ആധുനിക സാങ്കേതിക വിദ്യയടക്കം പ്രയോജനപ്പെടുത്തി ഓരോ കുട്ടിയുടേയും കഴിവിനെ പരമാവധി പോഷിപ്പിക്കുകയെന്ന പൊതുലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.** |
| (സി) | ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അദ്ധ്യാപക ശേഷി വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ? | (സി) | ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് അധ്യാപകശേഷി വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ